"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തസ്വഭവ - കൊടുങ്ങല്ലൂർ നഗരസഭ - ശബരിമല മണ്ഡല മകരവിളക്കിനോടനുബന്ധിച്ച് കൊടുങ്ങല്ലൂർ ശ്രീകുരുംബ ഭഗവതി ക്ഷേത്രത്തിൽ എത്തിച്ചേരുന്ന ഭക്തർക്ക് വിശ്രമത്തിന് സൗകര്യങ്ങൾ ഒരുക്കുന്നതിനായി തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.2315/2025/LSGD തീയതി,തിരുവനന്തപുരം, 23-09-2025

---

പരാമർശം:-

1. കൊടുങ്ങല്ലൂർ നഗരസഭ ചെയർപേഴ്സൺ സമർപ്പിച്ച 23.10.2024 ലെ പി.എച്ച്.1-14665/17 നമ്പർ കത്ത്.
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 18.08.2025 ലെ LSGD/PD/39776/2024-DPLD1 നമ്പർ കത്ത്.

**ഉത്തരവ്**

ശബരിമല മണ്ഡല മകരവിളക്കിനോടനുബന്ധിച്ച് കൊടുങ്ങല്ലൂർ ശ്രീ കുരുംബ ഭഗവതി ക്ഷേത്രത്തിൽ എത്തിച്ചേരുന്ന ഭക്തർക്ക് വിശ്രമ സൗകര്യങ്ങൾ ഒരുക്കുന്നതിന് തുക ചെലവഴിക്കുന്നതിന് അനുമതി ആവശ്യപ്പെട്ട് പരാമർശം (1) പ്രകാരം കൊടുങ്ങല്ലൂർ നഗരസഭ ചെയർപേഴ്സൺ സർക്കാരിനെ സമീപിച്ചിരുന്നു. പ്രസ്തുത ആവശ്യം പ്രിൻസിപ്പൽ ഡയറക്ടർ ശുപാർശ ചെയ്ത് പരാമർശം (2) പ്രകാരം സർക്കാർ അനുമതിയ്ക്കായി സമർപ്പിച്ചിരിക്കുന്നു.

സർക്കാർ ഈ വിഷയം പരിശോധിച്ചു. ഈ വർഷത്തെ ശബരിമല മണ്ഡല മകരവിളക്കിനോടനുബന്ധിച്ച് കൊടുങ്ങല്ലൂർ ശ്രീ കുരുംബ ഭഗവതി ക്ഷേത്രത്തിൽ എത്തിച്ചേരുന്ന ഭക്തർക്ക് വിശ്രമത്തിനായി താൽക്കാലിക ഷെഡ്, സൗജന്യ ഭക്ഷണം, ശുദ്ധജലം, അടിയന്തിര ചികിത്സാസൗകര്യങ്ങൾ, ശൗചാലയം എന്നിവ ഒരുക്കി നൽകുന്നതിനും ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും കൊടുങ്ങല്ലൂർ നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും കമ്മറ്റി തീരുമാനത്തിന് വിധേയമായി **₹20,00,000/- (ഇരുപത് ലക്ഷം രൂപ മാത്രം)** ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ASHA A K
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.

എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ഐ & പി.ആർ.ഡി/വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sindhumole K A
സെക്ഷൻ ഓഫീസർ
Date: 23-09-2025 15:47:02